## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 167 10.03.2020 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ പദ്ധതി

ചോദ്യം
ശ്രീ. കെ. രാജൻ
ശ്രീ. ഇ.കെ.വിജയൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുഹമ്മദ് മുഹസിൻ പി.

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | | |
|---|---|---|---|---|
| (എ) | ഈ വർഷത്തെ നെല്ല് സംഭരണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 2019-20 സീസണിലെ നെല്ല് സംഭരണ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരമാണ്. | |
| | | | ആകെ സംഭരിച്ച നെല്ലിന്റെ അളവ് | 2.2 ലക്ഷം മെട്രിക് ടൺ (2019-20 വർഷത്തെ ഒന്നാം സംഭരണ സീസണിന്റെ ഭാഗമായി- 2019 ഒക്ടോബർ മുതൽ (03.03.2020 വരെ). കൂടാതെ 2018-19 വർഷത്തെ രണ്ടാം സംഭരണ സീസണിന്റെ ഭാഗമായി ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ 3.21 ലക്ഷം മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതുവരെ 5.41 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്). |
| | | | നെല്ലിന്റെ ആകെ തുക | 611.26 കോടി രൂപ (2019-20 ഒന്നാം സീസണിൽ) |
| | | | കർഷകരുടെ എണ്ണം | 75822 |
| | | | പി.ആർ.എസ് വായ്പായിനത്തിൽ നൽകിയ തുക | 376.88 കോടി രൂപ |
| | | | ഡയറക്റ്റ് പേയ്മെൻറായി നൽകിയ തുക | 1.37 കോടി രൂപ |
| | | | വായ്പായിനത്തിലും ഡയറക്റ്റ് പേയ്മെൻറ് ഇനത്തിലും ആകെ നൽകിയ തുക | 378.25 കോടി രൂപ |

| | | | |
|---|---|---|---|
| (ബി) | നെല്ല് സംഭരണ പദ്ധതിയിൽ കേന്ദ്ര സർക്കാർ വിഹിതം യഥാസമയം ലഭിക്കാതെ വന്നതുമൂലം എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | യഥാസമയം കേന്ദ്ര സർക്കാർ വിഹിതം ലഭിക്കാത്തത് ബാങ്കുകളിലേയ്ക്കുള്ള ലോൺ തിരിച്ചടവിനെ ബാധിക്കുന്നുണ്ട്. എന്നാൽ കർഷകരുടെ നെല്ലിന് പി.ആർ.എസ് നൽകുന്നതിനും ബാങ്ക് ലോൺ മുഖേന നെല്ലിന്റെ വില ലഭ്യമാക്കുന്നതിനും തടസ്സമില്ല. |
| (സി) | പദ്ധതിയിൽ പങ്കാളികളായ സ്വകാര്യ മില്ലുകൾ വിട്ടുനിന്നത് മൂലം സംഭരണത്തിന് തടസ്സം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | 2019-20 സീസൺ ആരംഭത്തിൽ സപ്ലൈകോയും മില്ലുകളും തമ്മിലുള്ള എഗ്രിമെൻറിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് മില്ലുടമകളുടെ സംഘടന നെല്ല് സംഭരണത്തിൽ നിന്നും കുറച്ചു ദിവസങ്ങളിലേക്ക് വിട്ടു നിന്നിരുന്നു. എന്നാൽ സംഘടനയിൽ അംഗങ്ങളല്ലാത്ത മില്ലുകളുടെയും സഹകരണ മേഖലയിലെ മില്ലുകളുടേയും സഹകരണത്തോടെ നെല്ല് സംഭരണം തടസ്സം കൂടാതെ നടത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള സ്വകാര്യ മില്ലുകളുടെ സേവനം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | സ്വകാര്യ മില്ലുകൾ വിട്ടുനിൽക്കുന്ന പക്ഷം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മില്ലുകളെ സംഭരണത്തിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ